LIBRARY ARCHIVES Kerala Legislative Assembly

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പട്ടികജാതി കോളനികൾ

1 (307) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പട്ടികജാതി കോളനികളുണ്ട് ?

2009-10-ൽ നടത്തിയ പട്ടികജാതി സങ്കേത സർവ്വേ പ്രകാരം 26,198 പട്ടികജാതി സങ്കേതങ്ങളാണുള്ളത്.

(ബി) പ്രസ്തുത കോളനികളിൽ താമസിക്കുന്നവർക്ക് സ്വന്തമായി വീട് ഉണ്ടോ?

പ്രസ്തുത കോളനികളിൽ താമസിക്കുന്ന എല്ലാവർക്കും സ്വന്തമായി വീടുകളില്ല.

(സി) സ്വന്തമായി വീട് ഇല്ലാത്തവർക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുതിയ വീട് നിർമ്മിച്ച് നൽകിയിട്ടുണ്ടോ?

ഉണ്ട്. വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതി, പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർ നിർമ്മാണം, ലൈഫ് പദ്ധതി തുടങ്ങിയവ പ്രകാരം 39405 വീടുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ഇതിൽ 30069 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) പട്ടികജാതി കോളനികളിൽ താമസിക്കുന്നവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് പദ്ധതികളുണ്ടോ; എങ്കിൽ ഇത് നടപ്പാക്കിയതിന്റെ അവലോകനം കാലാകാലങ്ങളിൽ നടത്താറുണ്ടോ?

പട്ടികജാതി കോളനികളിൽ താമസിക്കുന്നവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി വിവിധ തൊഴിൽ അധിഷ്ഠിത പരിശീലന പദ്ധതികൾ, സ്വയംതൊഴിൽ പദ്ധതികൾ, പട്ടികജാതിയിൽപ്പെട്ട യുവസംരംഭകർക്ക് സ്റ്റാർട്ട് അപ്പ് മിഷന്റെ സഹായത്തോടെയുള്ള പരിശീലന പദ്ധതികൾ, ഭൂരഹിത പുനരധിവാസ പദ്ധതി, ഉൽപ്പന്ന പ്രദർശന വിപണന മേളകൾ, വിദേശത്ത് തൊഴിൽതേടി പോകുന്നവർക്കുള്ള ധനസഹായം, വിവാഹ, മിശ്രവിവാഹ ധനസഹായ പദ്ധതികൾ, എസ്.സി.എ. & എസ്.സി.പി. പദ്ധതികൾ മുതലായ അടിസ്ഥാന ജീവനോപാധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി എല്ലാമാസവും ജില്ലാ പട്ടികജാതി വികസന ഓഫീസർമാരുടെ അവലോകന യോഗങ്ങൾ നടത്തുന്നു.